പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:796 28.09.2011- ലെ മറുപടി

# കെ.എസ്.ആർ.ടി.സി. ബസ്സുകൾ

ചോദ്യം ഉത്തരം

ശ്രീ. കെ.ദാസൻ

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കേടായിക്കിടക്കുന്ന കെ. എസ്.ആർ.ടി.സി. ബസ്സുകൾ നന്നാക്കിയെടുത്ത് സർവ്വീസിലാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | (എ) | സ്വീകരിക്കുന്നതാണ്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് കെ. എസ്. ആർ. ടി. സി. ഡ്രൈവർമാരുടെ ലിസ്റ്റിൽ നിന്ന് നിയമനം നടത്താൻ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; എത്ര പേർക്ക് നിയമനം നൽകി എന്നറിയിക്കുമോ; | (ബി) | മുൻ സർക്കാരിന്റെ കാലത്ത് റിസർവ് ഡ്രൈവർ തസ്തികയിലേക്ക് കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ നമ്പർ RIB(2)/46357/RDVR/KSRTC/07/GW അഡ്വൈസ് പ്രകാരം താഴെ പറയുന്ന തീയതികളിലായി ആകെ 6,833 പേരുടെ നിയമനോപദേശം ലഭിച്ചിരുന്നു. ആകെ ലഭിച്ച 6833 ഉദ്യോഗാർത്ഥികൾക്കും സ്ഥിരനിയമന ഉത്തരവ് നൽകിയെങ്കിലും അവരിൽ 356 പേർ ജോലിക്ക് ഹാജരാകാത്തതിനാൽ ടി വിവരം പി.എസ്.സി യെ അറിയിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ കെ. എസ്. ആർ. ടി. സിയിൽ ഡ്രൈവർ തസ്തികയിൽ എത്ര ഒഴിവുണ്ട് എന്ന് വ്യക്തമാക്കുമോ; ഇതിന്റെ ജില്ല തിരിച്ചുള്ള എണ്ണം അറിയിക്കുമോ? | (സി) | കെ. എസ്. ആർ. ടി. സി. 29.08.2011 തീയതിയിൽ 2721 ഒഴിവുകൾ കേരളാ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിട്ടയർമെന്റ് ഒഴിവുകൾ കൂടാതെ ഷെഡ്യൂൾ വർദ്ധനവിനെ തുടർന്നുവരുന്ന ഒഴിവുകളും ഉൾപ്പെടുത്തിയാണ് കെ. എസ്. ആർ. ടി. സിയിൽ ആകെ ഒഴിവുകൾ കണക്കാക്കപ്പെടുന്നത്. ആയതിനാൽ കെ. എസ്. ആർ. ടി. സിയിൽ ജില്ല തിരിച്ചുള്ള ഒഴിവുകൾ കണക്കാക്കുന്ന രീതി പ്രായോഗികമല്ല. |

Amc Dominic

സെക്ഷൻ ഓഫീസർ